പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3159 | 23.03.2015 ലെ മറുപടിയ്ക്ക്

## കൊയിലാണ്ടിയിലെ കൃഷി നാശം

ചോദ്യം

ശ്രീ.കെ. ദാസൻ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി മണ്ഡലത്തിലും മറ്റും ഈയടുത്ത ദിവസങ്ങളിൽ കനത്ത മഴയിലും കാറ്റിലും വ്യാപകമായി കൃഷി നാശമുണ്ടായതും കർഷകർക്ക് വലിയ കഷ്ടനഷ്ടങ്ങൾ സംഭവിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കൊയിലാണ്ടിയിൽ വന്നിട്ടുള്ള കൃഷി നാശത്തെ സംബന്ധിച്ചും കർഷകന് ഉണ്ടായിട്ടുള്ള നഷ്ടത്തെ സംബന്ധിച്ചും നിയമസഭാ സാമാജികരിൽ നിന്നും ബഹു. മന്ത്രിക്ക് നിവേദനം ലഭിക്കുകയുണ്ടായോ ; | (ബി) | നിവേദനം ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | കൊയിലാണ്ടി മണ്ഡലത്തിലെ കൃഷി ഭവനുകളിൽ നാശനഷ്ടം സംബന്ധിച്ച് സ്ഥിതിവിവര കണക്കും നഷ്ടം തിട്ടപ്പെടുത്തിയ കണക്കും ലഭ്യമാണോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) | കൊയിലാണ്ടി മണ്ഡലത്തിലെ കൃഷിനാശം സംബന്ധിച്ച സ്ഥിതിവിവര കണക്കും കർഷകർക്കുണ്ടായ നഷ്ടത്തിന്റെ കണക്കും അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | കൃഷി നഷ്ടപ്പെട്ട കർഷകർക്ക് സർക്കാർ സഹായധനം എന്ന് ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ ? | (ഇ) | കർഷകരുടെ നഷ്ടത്തിന്റെ കൃത്യമായ കണക്കുകൾ കൃഷി ഭവനുകൾ മുഖേന തയ്യാറാക്കി വരുന്നു. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. പ്രസ്തുത ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| കൃഷി ഭവന്റെ പേര് | വാഴ കുലച്ചത് (എണ്ണം) | വാഴ കുലയ്ക്കാത്തത് (എണ്ണം) | തെങ്ങ് കായ്ക്കുന്നത് (എണ്ണം) | തെങ്ങ് കായ്ക്കാത്തത് (എണ്ണം) | കമുക് (എണ്ണം) | വെറ്റില കൊടി (വിസ്തീർണ്ണം) | പച്ചക്കറി (വിസ്തീർണ്ണം) | കണക്കാക്കിയ നഷ്ടം (രൂപയിൽ) |
|---|---|---|---|---|---|---|---|---|
| കൊയിലാണ്ടി | 50,000 | 1000 | 450 | 50 | 80 | -------- | 7 ഹെ. | 23,73,000 |
| മൂടാടി | 500 | 100 | 350 | 5 | 100 | 50 സെന്റ് | 100 സെന്റ് | 9,10,000 |
| പയ്യോളി | 55 | 40 | 35 | ----- | 16 | --------- | --------- | 95,700 |
| തിക്കോടി | 1250 | 1750 | 80 | ----- | 25 | --------- | --------- | 6,25,000 |
| ആകെ | 51,805 | 2890 | 915 | 55 | 221 | 50 | | 40,03,700 |

സെക്ഷൻ ഓഫീസർ